**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **30-07-2021 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ദെലീമ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | ഐ.എഫ്.എഫ്.കെയിലെ മലയാള സിനിമകളുടെ എണ്ണം 9-ൽനിന്ന് 14 ആയി ഉയർത്താനും അതിൽ ആറു നവാഗത സംവിധായകരുടെ ചിത്രങ്ങൾ ഉൾപ്പെടുത്താനും തീരുമാനിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഐ.എഫ്.എഫ്.കെ യിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന മലയാള സിനിമകൾക്കുള്ള ഗ്രാൻറ് വർധിപ്പിച്ചു. ഇതുപ്രകാരം റിലീസ് ചെയ്യാത്ത സിനിമകൾക്ക് മൂന്നു ലക്ഷം രൂപ ഗ്രാൻറ് ആയി ലഭിക്കും. റിലീസ് ചെയ്ത സിനിമകൾക്ക് 2 ലക്ഷം രൂപയും ലഭിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.എഫ്.എഫ്.കെയുടെ 21 മുതൽ 25വരെയുള്ള പതിപ്പുകൾ വളരെ മികച്ച രീതിയിൽ നടത്തി. 25-ാമത് ഐ.എഫ്.എഫ്.കെ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം, എറണാകുളം, തലശ്ശേരി, പാലക്കാട് എന്നീ നാലിടങ്ങളിലായി നടത്തി. നീതിപൂർവകമായ വിധിനിർണയത്തിലൂടെ 2016, 2017, 2018, 2019 വർഷങ്ങളിലെ സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയവും വിതരണവും മുടക്കമില്ലാതെ നിർവഹിച്ചു. ചലച്ചിത്ര സംഘടനകളുമായി നിരന്തരം ആശയ വിനിമയം നടത്തി അവരുടെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരമാർഗങ്ങൾ തേടി. ചലച്ചിത്ര അക്കാദമി മുഖേന അവശകലാ കാരന്മാർക്ക് പെൻഷനും ചികിൽസാ ധനസഹായവും അനുവദിച്ചു. കോവിഡ് കാലത്ത് ഉപജീവനമാർഗം വഴിമുട്ടിയ സിനിമ, ടി.വി രംഗത്തെ 2364 കലാകാരന്മാർക്ക് 2000/- രൂപ വീതം സമാശ്വാസ ധനസഹായം നൽകി. ചലച്ചിത്ര അക്കാദമിക്ക് കഴക്കൂട്ടത്ത് കിൻഫ്ര പാർക്കിൽ സത്യൻ സ്മാരകമായി ആസ്ഥാന മന്ദിരം നിർമ്മിച്ചു. |

| | | | |
|---|---|---|---|
| | | | ചലച്ചിത്ര അക്കാദമി ആസ്ഥാനമായി 'സിഫ്ര' എന്ന പേരിൽ ഒരു ഗവേഷണ സ്ഥാപനം ആരംഭിച്ചു. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 67.16 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ 2019-20-ലെ ബഡ്ജറ്റിൽ വനിതകളുടെ സംവിധാനത്തിൽ 2 ഫീച്ചർ ഫിലിം നിർമ്മിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തി. ഇതിൽ ഒരു ചിത്രം പ്രദർശനത്തിന് തയ്യാറായിട്ടുണ്ട്. മറ്റൊന്ന് ചിത്രീകരണം പൂർത്തിയാക്കി പ്രദർശനത്തിന് തയ്യാറായി വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വനിതാ സംവിധായകരുടെ രണ്ടു സിനിമകളും പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ രണ്ട് സിനിമകളും നിർമ്മിക്കുവാൻ 6 കോടി രൂപ വകയിരുത്തുകയും ഈ ചിത്രങ്ങളുടെ നിർമ്മാണ ത്തിന്റെ പ്രാരംഭ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കോർപ്പറേഷന്റെ തീയേറ്ററുകൾ ആധുനിക വൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ തീയേറ്റർ നിർമ്മാണ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. |
| (ബി) | മലയാള സിനിമ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ചുവടെ പറയുന്ന ശുപാർശകളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. 1. സിനിമ മേഖലയിലെ തർക്ക പരിഹാരങ്ങൾ ക്കായി ഒരു നിയമനിർമ്മാണം നടത്തുക. 2. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽ ക്കരണ പരിപാടികൾ 3. സിനിമാ മേഖലയിലെ ലിംഗ സമത്വം / നീതിയെപ്പറ്റി ബോധവൽക്കരിക്കാനുള്ള നിർബന്ധിത ഓൺലൈൻ പരിശീലനം 4. സിനിമയിൽ സ്ത്രീ പക്ഷ വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ 5. സമഗ്രമായ സിനിമാ നയം 6. സ്ത്രീകൾ നിർമിക്കുന്ന സിനിമകൾക്കായുള്ള കൂടുതൽ ധനസഹായം 7. സ്ത്രീകൾക്ക് സിനിമാ നിർമ്മാണത്തിന് വായ്പ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള ഏകജാലക സംവിധാനം 8. എല്ലാ താലൂക്കുകളിലും തീയേറ്ററുകൾ ഉറപ്പാക്കൽ 9. സ്ത്രീകൾ നിർമ്മിക്കുന്ന/സംവിധാനം ചെയ്യുന്ന സിനിമകൾക്ക് സംസ്ഥാന അവാർഡുകൾ 10. സിനിമാ മേഖലയിലെ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം 11. സിനിമാ ടെക്നീഷ്യൻ മേഖലയിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തൽ 12. സിനിമാമേഖലയിൽ സ്ത്രീകൾക്ക് പ്രസവാവധി / ആനുകൂല്യങ്ങൾ 13. സിനിമയിൽ സ്ത്രീകളെ ഗുണപരമായി ചിത്രീകരിക്കൽ / അധികാര സ്ഥാനത്തുള്ള സ്ത്രീകളെ ചിത്രീകരിക്കാൻ നടപടി 14. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കാൻ കൂടുതൽ തീയേറ്റർ സൗകര്യങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന മുൻപറഞ്ഞ ശുപാർശകളിൽ നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കു ന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സിനിമ മേഖലയിൽ സ്ത്രീകൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്താമോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ചുവടെ പറയുന്ന ശുപാർശകളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. 1. സിനിമ മേഖലയിലെ തർക്ക പരിഹാരങ്ങൾ ക്കായി ഒരു നിയമനിർമ്മാണം നടത്തുക. 2. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽ ക്കരണ പരിപാടികൾ 3. സിനിമാ മേഖലയിലെ ലിംഗ സമത്വം / നീതിയെപ്പറ്റി ബോധവൽക്കരിക്കാനുള്ള നിർബന്ധിത ഓൺലൈൻ പരിശീലനം 4. സിനിമയിൽ സ്ത്രീ പക്ഷ വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ 5. സമഗ്രമായ സിനിമാ നയം 6. സ്ത്രീകൾ നിർമിക്കുന്ന സിനിമകൾക്കായുള്ള കൂടുതൽ ധനസഹായം 7. സ്ത്രീകൾക്ക് സിനിമാ നിർമ്മാണത്തിന് വായ്പ നൽകുന്നതിനുള്ള ഏകജാലക സംവിധാനം 8. എല്ലാ താലൂക്കുകളിലും തീയേറ്ററുകൾ ഉറപ്പാക്കൽ 9. സ്ത്രീകൾ നിർമ്മിക്കുന്ന/സംവിധാനം ചെയ്യുന്ന സിനിമകൾക്ക് സംസ്ഥാന അവാർഡുകൾ 10. സിനിമാ മേഖലയിലെ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം 11. സിനിമാ ടെക്നീഷ്യൻ മേഖലയിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തൽ 12. സിനിമാമേഖലയിൽ സ്ത്രീകൾക്ക് പ്രസവാവധി / ആനുകൂല്യങ്ങൾ 13. സിനിമയിൽ സ്ത്രീകളെ ഗുണപരമായി ചിത്രീകരിക്കൽ / അധികാര |

| | | | |
|---|---|---|---|
| | | | സ്ഥാനത്തുള്ള സ്ത്രീകളെ ചിത്രീകരിക്കാൻ നടപടി 14. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കാൻ കൂടുതൽ തീയേറ്റർ സൗകര്യങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന മുൻപറഞ്ഞ ശുപാർശകളിൽ നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കു ന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനു സരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ